# US PROFILES

## താര ഷാജൻ

emalayalee.com

# ആകാശമാണ് എന്റെ സ്വപ്നങ്ങളുടെ അതിര്: താര ഷാജൻ

◉ മീട്ടു റഹ്മത്ത് കലാം

സ്വപ്നങ്ങൾ സഫലമാകുന്നത് മാത്രമല്ല ജീവിതവിജയം എന്ന് പറയുകയാണ് ലിങ്കൺ ഹോസ്പിറ്റലിൽ ബിഹേവിയറൽ ഹെൽത്ത് ഡയറക്ടറായ അമേരിക്കൻ മലയാളി താര ഷാജൻ. പൈലറ്റ് ആകാനുള്ള മോഹത്തോടെ ഇന്ത്യൻ ആർമിയിൽ അപേക്ഷിച്ച താരയ്ക്ക് പ്രവേശനം ലഭിച്ചത് നഴ്സിംഗ് പഠനത്തിനാണ്. എത്തപ്പെടുന്ന മേഖലയിലെ ഉയരങ്ങൾ കീഴടക്കാനും, വീണുകിട്ടുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക എന്നുള്ള പ്രചോദനമാണ് അവർ സ്വജീവിതംകൊണ്ട് വരച്ചിടുന്നത്.

ഗ്ലോബൽ ഇന്ത്യൻ കൗൺസിൽ ട്രഷറർ,ഫോമാ മെട്രോ റീജിയൻ വിമൻസ് ഫോറം സെക്രട്ടറി,നാസോ കൗണ്ടി ഇന്ത്യൻ ഡയസ്പോറ അംബാസഡർ,നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക ട്രഷറർ എന്നിങ്ങനെ നിരവധി പദവികൾ വഹിക്കുന്ന താര ഷാജൻ ഇ-മലയാളി വായനക്കാരോട് സംസാരിക്കുന്നു...

**കേരളത്തെക്കുറിച്ച് ഓർക്കുമ്പോൾ?**

മാതാപിതാക്കളുടെ വേരുകൾ തൃശൂരിലാണെങ്കിലും ഞാൻ ജനിച്ചതും വളർന്നതും പോണ്ടിച്ചേ

രിയിലാണ്.നാടിനെക്കുറിച്ച് ഓർക്കുമ്പോൾ പാടത്തിനടുത്തുള്ള തറവാട്ടുവീടും മഴക്കാലത്ത് കേൾക്കാറുള്ള തവളയുടെ കരച്ചിലും ഇപ്പോഴും മനസ്സിൽ നിറം മങ്ങാതെ നിൽപ്പുണ്ട്. താറാവ്,മുയൽ,കോഴി എല്ലാം അവിടെ വളർത്തിയിരുന്നു. കളിച്ചും മതിച്ചും രസിച്ചുനടക്കാൻ എല്ലാ സ്വാതന്ത്ര്യവുമുണ്ടായിരുന്ന ഓണക്കാലം ഓർമ്മയുടെ ചെപ്പിൽ തലയെടുപ്പോടെയുണ്ട്. പ്രീഡിഗ്രി പഠനത്തിന് മാർ ഇവാനിയോസ് കോളജിൽ ചേർന്നതോടെയാണ് കേരളവുമായുള്ള അടുപ്പം ദൃഢമായത്.അവിടെ വച്ച് എയർവിങ് എൻസിസിയിൽ ചേർന്നതും 89 ൽ  ഡൽഹിയിൽ നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തതും ജീവിതത്തിലെ നാഴികക്കല്ലുകളാണ്. പാരാഗ്ലൈഡിങ്,പാരാഡൈവിങ്, ക്യാമ്പിംഗ്,ഫ്ളൈയിങ് തുടങ്ങി വളരെ ഊർജ്ജസ്വലമായ ദിനങ്ങളായിരുന്നു നാട്ടിൽ ചിലവഴിച്ചത്.

**നഴ്സിംഗ് മേഖല തിരഞ്ഞെടുക്കാനുള്ള കാരണം?**

It was not a choice, but a chance. പൈലറ്റ് ആകാനായിരുന്നു മോഹം. അതിന്റെ ചിലവുകൾ വഹിക്കാനുള്ള സാമ്പത്തികമായ ചുറ്റുപാട് അന്ന് ഉണ്ടായിരുന്നില്ല.പറക്കാനുള്ള എന്റെ താല്പര്യം മനസ്സിലാക്കി, ഫ്ളൈയിങ് ഇൻസ്ട്രക്ടറാണ് ആർമിയിൽ ചേർന്നുകൂടേ എന്ന ആശയം മുന്നോട്ടുവച്ചത്. അക്കാലത്ത് സ്ത്രീകളെ ആർമിയിൽ ഡോക്ടർ,നഴ്സ് എന്നീ രണ്ട് സെക്ടറുകളിലേക്ക് മാത്രമേ പരിഗണിച്ചിരുന്നുള്ളു. ആർമിയിൽ ചേർന്നശേഷം പൈലറ്റ് എന്ന സ്വപ്നത്തിലേക്ക് പറന്നടുക്കാനാകുമെന്ന പ്രതീക്ഷയിലാണ് പ്രവേശന പരീക്ഷ എഴുതിയത്. റാങ്ക് ലിസ്റ്റ് പ്രകാരം നഴ്സിങ്ങിനാണ് അഡ്മിഷൻ ലഭിച്ചത്. മൂന്നാം വർഷ നഴ്സിംഗ് പഠനത്തിനിടയിലാണ് വനിതകൾക്ക് പൈലറ്റാകാനുള്ള അവസരം ഒരുങ്ങുന്നതായി എന്റെ ഇൻസ്ട്രക്ടറിൽ നിന്ന് അറിഞ്ഞതും കോളജ് പ്രിൻസിപ്പാളിനെ സമീപിച്ചതും.സ്റ്റയിപെൻഡ് കൈപ്പറ്റിക്കൊണ്ട് പഠിക്കുന്ന വിദ്യാർത്ഥി എന്ന നിലയ്ക്ക് കോഴ്സ്



പൂർത്തിയാക്കാതെ ഇടയ്ക്കുവച്ച് മാറാൻ അദ്ദേഹം സമ്മതിച്ചില്ല.കൗമാരം മുതൽ കടന്നുകൂടിയ സ്വപ്നങ്ങളുടെ ചിറകാണ് അവിടെ നിഷ്കരുണം അരിഞ്ഞുവീണത്. അന്ന് കുറേ വിഷമിച്ചു.നമുക്കായി വിധിച്ചത് നടക്കട്ടെ എന്ന് കരുതി നഴ്സിംഗ് പഠനം പൂർത്തീകരിച്ചു. ഗോഹാട്ടിയിലായിരുന്നു ആദ്യ നിയമനം. ജോലിയിൽ പ്രവേശിച്ച് രണ്ടാം വർഷം ഡിജിഎം ആയി വന്നതും പഴയ പ്രിൻസിപ്പാൾ തന്നെ.പകരം മറ്റൊരാൾ വന്നിരുന്നെങ്കിൽ ഒരുപക്ഷേ പറക്കാനുള്ള എന്റെ സ്വപ്നങ്ങൾ വീണ്ടും ചിറകുവിരിക്കുമായിരുന്നു. ഒന്നും ഒന്നിന്റെയും അവസാനമല്ലെന്നും കാലം മറ്റെന്തൊക്കെയോ കരുതിവച്ചിട്ടുണ്ടെന്നും ഓർത്ത് സമാധാനിച്ച് മുന്നോട്ടു പോകുന്നതിനിടയിൽ, വിവാഹം കഴിഞ്ഞ് ആർമിയിലെ ജോലി രാജിവച്ചു. ഭർത്താവിന് അബുദാബിയിലായിരുന്നു ജോലി.ഞാനും അദ്ദേഹത്തെ അനുഗമിച്ചു.

**മിഡിൽ ഈസ്റ്റിൽ നിന്ന് അമേരിക്കയിലേക്ക് പറന്നത്?**

മിഡിൽ ഈസ്റ്റിൽ ഒരു നഴ്സായി ജോലി ചെയ്യാൻ എനിക്ക് തീരെ താല്പര്യം തോന്നിയില്ല. താല്പര്യമുള്ളത് ചെയ്താൽ മതിയെന്ന ഭർത്താവിന്റെ വാക്കുകൾ വലിയ ആശ്വാസവും ധൈര്യവും തന്നു.അധികം വൈകാതെ അവിടത്തെ എയർപോർട്ടിൽ കസ്റ്റമർ സർവീസ് ഗ്രൗണ്ട് ഒപ്പറേഷൻ സ്റ്റാഫായി ജോലി ലഭിച്ചു. പതിയെ പതിയെ ഫ്ലൈറ്റ് ഡെസ്പാച്ചിങ് സെക്ഷൻ വരെ സ്ഥാനക്കയറ്റം ലഭിച്ചു. 2000 ൽ ടെക്സസിലെ 777 ബോയിങ്ങിൽ പരിശീലനത്തിന് അവസരം ലഭിച്ചത് വഴിത്തിരിവായി.3 മാസത്തെ കോഴ്സ് പൂർത്തിയാക്കി മടങ്ങിവന്ന ശേഷവും അമേരിക്ക എന്നെ മാടിവിളിക്കുന്നതായി തോന്നി. അപ്പോഴേക്കും ടെക്സസ് നഗരം എന്റെ മനസ്സിൽ കുടിയേറി പാർത്തു.യുഎസിലേക്ക് കുടിയേറുന്നതിനെക്കുറി

ച്ച് ഭർത്താവിനോട് ആലോചിച്ചു.ആ സമയത്ത് അദ്ദേഹം ഡിഎച്ച്എഫിന്റെ ഫ്ലൈറ്റ് എഞ്ചിനീയറായിരുന്നു. ഗ്രൗണ്ട് സെക്ഷനിലെ ജോലിവച്ച് വിസ ലഭിക്കാൻ സാധ്യത ഉണ്ടായിരുന്നില്ല. അങ്ങനെയാണ്, നഴ്സിംഗ് ഡിഗ്രി ഉപയോഗിച്ച് അപേക്ഷ സമർപ്പിച്ചാലോ എന്ന് ചിന്തിച്ചത്. സിജിഎഫ്എൻഎസ് എന്നൊരു പരീക്ഷ ജയിക്കണമെന്ന് കണ്ട് അദ്ദേഹം അതിന്റെ പുസ്തകങ്ങൾ വാങ്ങിത്തരികയും ഞാനത് പഠിക്കാൻ സമയം കണ്ടെത്തുകയും ചെയ്തു. ആ കടമ്പ വേഗം കടന്നു. ഇതിനിടയിൽ പരിചയപ്പെട്ട ഒരു വ്യക്തിയിൽ നിന്ന് ഡൽഹിയിൽ ടെസ്റ്റ് നടത്തി ന്യൂയോർക്കിലെ ആശുപത്രിയിലേക്ക് നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതായി  അറിഞ്ഞു.എനിക്ക് ഈ വിവരം ലഭിക്കുമ്പോഴേക്ക് ഇന്റർവ്യൂ പൂർത്തിയാക്കി ആ ടീം മടങ്ങി. അവസാനശ്രമം എന്ന നിലയിൽ ആശുപത്രി അധികൃതരെ ഞാൻ നേരിട്ട് ബന്ധപ്പെട്ടു. ടെലിഫോണിക് ഇന്റർവ്യൂ നടത്തി അവരെന്നെ സെലക്ട് ചെയ്തു.2001 ൽ പേപ്പർ വർക്കുകൾ നടക്കുന്നതിനിടയിൽ ഇടിത്തീ പോലെ പെന്റഗൺ ആക്രമണം നടക്കുകയും വിസയുടെ പ്രോസസിംഗ് നിർത്തി വയ്ക്കുകയും ചെയ്തു. കാത്തിരിപ്പുകൾക്ക് വിരാമമിട്ട് 2003 ലാണ് വിസ ശരിയായത്. 2004 സെപ്റ്റംബറിൽ ന്യൂയോർക്കിൽ വന്നുചേർന്നു.

**വിവേചനം നേരിട്ടിട്ടുണ്ടോ?**

സൗത്ത് നാസോ കമ്മ്യൂണിറ്റി ഹോസ്പിറ്റലിലാണ് ആദ്യം ജോലി ചെയ്തത്. ഇന്ത്യൻ എന്ന നിലയിൽ വിവേചനം നേരിട്ടിട്ടില്ല എന്ന് പറഞ്ഞാൽ അത് കളവാകും. അവർക്ക് അർഹമായത് തട്ടിയെടുക്കാൻ എത്തിയവർ എന്ന നിലയിൽ ഒരു വൈറ്റ് നഴ്സ് എന്നോട് പെരുമാറിയിട്ടുണ്ട്. എല്ലാവിധ യോഗ്യതയോടും കൂടി ഇന്റർവ്യൂ പാസായി ജോലിയിൽ പ്രവേശിക്കുന്നവരോട് ഇങ്ങനെ പെരുമാറുന്നത് ആദ്യമൊക്കെ ഒരുപാട് വേദനിപ്പിച്ചു.

**ആഗ്രഹിക്കാത്ത മേഖലയിലാണ് എത്തിച്ചേർന്നതെങ്കിലും ഒരുപാട് നേട്ടങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്, കരിയർ ഗ്രാഫിൽ സംതൃപ്തയാണോ?**

പറക്കുക എന്ന സ്വപ്നം കെട്ടുപോകരുതെന്ന ഉദ്ദേശത്തോടെ ഇടയ്ക്ക് ഫ്ളയിങ് സ്ക്വാഡിൽ പോവുകയും ഒന്ന് രണ്ട് മണിക്കൂർ പരിശീലനത്തിന് ചെലവഴിക്കുകയും ചെയ്തിരുന്നു.പ്രൈവറ്റ് ലൈസൻസ് നേടിയെടുക്കുകയും ചെയ്തു. കൊമേഴ്ഷ്യൽ പൈലറ്റ് ലൈസൻസ് ലഭിക്കാതെ വലിയ കാര്യമില്ല. സഹപ്രവർത്തകരിൽ പലരും എയർലൈൻസിൽ ജോലി ചെയ്യുന്നതുകാണുമ്പോൾ പോലും വിഷമമൊന്നുമില്ല. നഴ്സിംഗ് പ്രൊഫഷനായി ബന്ധപ്പെട്ട് എത്തപ്പെടാവുന്ന ഉയരങ്ങളിൽ എത്തിയതിൽ ചാരിതാർത്ഥ്യമുണ്ട്. നഴ്സിംഗ് ലീഡർഷിപ്പിൽ മാസ്റ്റേഴ്സും ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷനിൽ എംബിഎയും നേടി.ഇന്ത്യൻ ആർമിയിലെ പ്രവർത്തനങ്ങൾക്ക് പുരസ്കാരം ലഭിച്ചിരുന്നു.ഓണററി ഡോക്ടറേറ്റ് ലഭിച്ചു.ലണ്ടൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചാൾസ് വാൾട്ടർ സൊസൈറ്റിയുടെ പുരസ്കാരം ലഭിച്ചു.സിറ്റി കൗൺസിൽമാൻ അടക്കമുള്ള പ്രാദേശിക നേതാക്കളിൽ നിന്ന് പല തവണ സൈറ്റേഷനും നേടിയിട്ടുണ്ട്.

അസിസ്റ്റന്റ് നഴ്സിംഗ് മാനേജർ,അഡ്മിനിസ്

ട്രേറ്റീവ് നഴ്സിംഗ് മാനേജർ എന്നീ നിലകളിൽ തുടങ്ങി ഗവണ്മെന്റ് തലത്തിലെ ഏറ്റവും വലിയ ആശുപത്രി ശൃംഖലയായ ലിങ്കൺ ഗ്രൂപ്പിന്റെ ബിഹേവിയറൽ ഹെൽത്ത് ഡയറക്ടർ സ്ഥാനം അലങ്കരിക്കാൻ വരെ ഭാഗ്യമുണ്ടായി.സ്വപ്നങ്ങൾ ഇവിടെ തീരുന്നില്ല.സിഇഒ, സിഒഒ തുടങ്ങിയ സ്ഥാനങ്ങളിൽ എത്താനാണ് ഇപ്പോഴത്തെ പരിശ്രമം. അതിനുള്ള യോഗ്യത ഉള്ളതുകൊണ്ടാണ് ആഗ്രഹിക്കുന്നത്.

**അമേരിക്കയിലെ രീതികൾ ജീവിതവീക്ഷണത്തെ സ്വാധീനിച്ചിട്ടുണ്ടോ? ഇന്ത്യയുമായി താരതമ്യപ്പെടുത്തുമ്പോൾ എന്താണ് പ്രധാനമായി തോന്നുന്ന വ്യത്യാസം?**

ആരെയും വേദനിപ്പിക്കാതെ സന്തോഷത്തോടെ ജീവിക്കുക എന്നുള്ളതാണ് എന്റെ രീതി.മനസ്സിൽ ആനന്ദമുണ്ടെങ്കിലേ നമുക്ക് അവനവനോട് കരുതൽ ഉണ്ടാകൂ.മറ്റുള്ളവർ എന്തുചെയ്യുന്നു എന്ന് നോക്കാതെ സ്വയം ചെയ്യാനുള്ളത് ചെയ്ത് തീർക്കുക.നമ്മുടെ പോരായ്മകൾ മനസ്സിലാക്കി സ്വയം മെച്ചപ്പെടുത്തിയാൽ ജീവിതത്തിൽ മുന്നേറാൻ സാധിക്കുമെന്നാണ് അനുഭവം.എപ്പോഴും മുന്നിൽ ലക്ഷ്യങ്ങളുണ്ടായിരിക്കണം. ഒന്നൊന്നായി അത് എത്തിപ്പിടിക്കണം.

പഠനത്തിന് പ്രായം ഒരു തടസ്സം അല്ലാത്തതാണ് ഈ രാജ്യത്തോട് വല്ലാത്ത മതിപ്പ് തോന്നുന്ന കാര്യം. ഉപരിപഠനം നടത്താൻ തീരുമാനിച്ചതും ഈ നാട് നൽകിയ പോസിറ്റീവ് വൈബ് കൊ

ണ്ടാണ്. 90 വയസ്സായവരും പഠിക്കുന്നത് അമേരിക്കയിലൊരു അത്ഭുതമല്ല. 56 വയസ്സാകുമ്പോഴേക്ക് ജോലിയിൽ നിന്ന് വിരമിക്കാൻ ഇവിടെ ആരും നിർബന്ധിക്കില്ല. നമുക്ക് ജോലി ചെയ്യാൻ കഴിയുമെന്ന് ബോധ്യമുള്ളതുവരെ അത് തുടരാം.

**സംഘടനാപ്രവർത്തനങ്ങൾ?**

സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്ന വ്യക്തിയാണ്.നിലവിൽ ഗ്ലോബൽ ഇന്ത്യൻ കൗൺസിലിന്റെ ട്രഷററാണ്.ഫോമായുടെ ന്യൂയോർക്ക് മെട്രോ റീജിയന്റെ വിമൻസ് ഫോറം സെക്രട്ടറിയായും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ നാസോ കൗണ്ടിയുടെ ഇന്ത്യൻ ഡയസ്പോറ അംബാസഡർ സ്ഥാനവും വഹിക്കുന്നുണ്ട്. നഴ്സുമാരുടെ സംഘടനയായ നാഷണൽ അസോസിയേഷൻ ഫോർ നഴ്സസ് ഇൻ അമേരിക്ക (നൈന)യുടെ ട്രഷററാണ്.സംഘടനയ്ക്ക് 22 ചാപ്റ്ററുകളുണ്ട്. ഇന്ത്യൻ നഴ്സസ് അസോസിയേഷൻ ഓഫ് ന്യൂയോർക്കിന്റെ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡന്റായും മുൻപ് പ്രവർത്തിച്ചിട്ടുണ്ട്. ഇന്ത്യയിൽ കോവിഡിന്റെ രണ്ടാം തരംഗം ആഞ്ഞടിച്ചപ്പോൾ,നാടിനുവേണ്ടി ജീവൻ മറന്ന് പ്രവർത്തിച്ച നഴ്സുമാരെ സംഘടന ആദരിച്ചു. പതിനയ്യായിരം രൂപയുടെ ക്യാഷ് അവാർഡാണ് അവർക്ക് സമ്മാനിച്ചത്.ഇന്ത്യയിലെ നഴ്സിംഗ് സംഘടനകളുമായി കൊളാബറേറ്റ് ചെയ്തതും വ്യത്യസ്ത അനുഭവമായിരുന്നു.1500 രൂപയുടെ ഗിഫ്റ്റ് വൗച്ചർ 500 ല്പരം നഴ്സുമാർക്ക് വിതരണം ചെയ്തു. നഴ്സുമാർക്ക് പുറമേ 25 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് 250 ഡോളർ വീതവും നൽകി.

**ചാരിതാർത്ഥ്യം തോന്നിയ അനുഭവങ്ങൾ?**

കോവിഡിന്റെ പ്രഭവസമയം ഇപ്പോഴും ഓർക്കുമ്പോൾ ചങ്കുപിടയ്ക്കും.ഒപ്പമുള്ള നഴ്സുമാർക്ക് മാനസികമായ പിന്തുണയും കരുതലും നൽകുക എന്നത് വളരെ വലിയ ഉത്തരവാദിത്തമായിരുന്നു.

ഏപ്രിൽ 18,2020 ൽ ഞങ്ങളുടെ ആശുപത്രിയിൽ 72 കോവിഡ് മരണങ്ങളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.ജിൻസി ചാക്കോയുടെ സഹായത്തോടെ പുതിയൊരു വെബ്സൈറ്റ് രൂപീകരിച്ചുകൊണ്ട് സംഘടനയുടെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാൻ ആ സാഹചര്യത്തിൽ സാധിച്ചു.സാമ്പത്തികമായി ബുദ്ധിമുട്ടിയ കുടുംബങ്ങൾക്ക് സഹായഹസ്തം നീട്ടി.നഴ്സിംഗ് ഹോമുകൾക്കുവേണ്ടി ഫണ്ട് റെയ്സിംഗ് നടത്തി.നഴ്സസ് ഡേ ആഘോഷങ്ങൾ സൂം മീറ്റിലൂടെ സംഘടിപ്പിച്ചതും മറക്കാനാകാത്ത ഓർമ്മയാണ്.

ഇന്റർനാഷണൽ കോൺഗ്രസ് നഴ്സസ് മീറ്റ് കാനഡയിലെ മോൺട്രിയലിൽ നടന്നപ്പോൾ നൈനയുടെ ഒരു പ്രോജക്ട് തിരഞ്ഞെടുക്കപ്പെട്ടു.132 രാജ്യങ്ങളിൽ നിന്നുള്ള നഴ്സുമാർ ഓരോ രാഷ്ട്രത്തിന്റെയും പതാകയുമായി നീങ്ങുമ്പോൾ, ഒളിമ്പിക്സ് മത്സര വേദിയിൽ നിൽക്കുന്ന ചാരിതാർഥ്യമാണ് അനുഭവപ്പെട്ടത്. ദുബൈയിലെ സിഗ്മ റിസർച്ച് കോൺഗ്രസിൽ പങ്കെടുത്തതും മനസ്സിനോട് ചേർന്നുനിൽക്കുന്ന ഒന്നാണ്.സ്പീക്കർ,മോഡറേറ്റർ,പാനൽ ചർച്ച നടത്തുന്ന അംഗം എന്നിങ്ങനെ പല റോളുകൾ കൈകാര്യം ചെയ്യാൻ സാധിച്ചിട്ടുണ്ട്.

**കലാ-സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങൾ?**

കലാ-സാംസ്കാരിക രംഗത്തും സജീവമാണ്. ചർച്ച് നടത്തുന്ന വാർഷിക കുടുംബ സംഗമങ്ങളിൽ ഗ്രൂപ്പ് ഡാൻസിൽ പങ്കെടുക്കും. മമ്മാസ് ഡാൻസ് എന്ന് മക്കൾ കളിയാക്കും.നാടകത്തിലും അഭിനയിച്ചിട്ടുണ്ട്. 'കടൽക്കാറ്റ്' എന്ന പേരിൽ 10 മിനിറ്റുള്ള ഷോർട്ട് ഫിലിം ചെയ്തു. പ്രധാന കഥാപാത്രത്തിന്റെ ഭാര്യയുടെ വേഷമാണ് ഞാൻ ചെയ്തത്. 'ലവേഴ്സ് കോർണർ' എന്നൊ

രു ഹ്രസ്വചിത്രവും ചെയ്തു. യൂട്യൂബിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്. 24 ന്യൂസ് ചാനലിലെ പാനൽ ചർച്ചകളിൽ മൂന്ന് തവണ ഭാഗമായിട്ടുണ്ട്. ഗർഭച്ഛിദ്രത്തെക്കുറിച്ചും ട്രംപിനെപ്പറ്റിയുമുള്ള ചർച്ചകളിലാണ് പങ്കെടുത്തത്.

**കുടുംബം?**

മകൻ ഫിനാൻസിൽ ഡിഗ്രി പൂർത്തിയാക്കി.മകൾ കോളജിൽ പഠിക്കുന്നു.ഭർത്താവ് ഇപ്പോൾ ഇന്ത്യയിൽ റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തുന്നുണ്ട്. എന്റെ എല്ലാ ഉയർച്ചയ്ക്കും കുടുംബത്തിന്റെ സ്നേഹംനിറഞ്ഞ പിന്തുണയുണ്ട്.

**ഭാവിപരിപാടികൾ?**

ഗോപിനാഥ് മുതുകാട് ഡാലസിൽ വന്നപ്പോൾ ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടി ധനസമാഹരണം നടത്തി.അദ്ദേഹം നടത്തുന്ന മാജിക് പ്ലാനറ്റിലെ കുട്ടികൾ എന്തെങ്കിലുമൊക്കെ കഴിവുകൾ ഉള്ളവരാണ്. അങ്ങനെ അല്ലാതെ, ജനിച്ച അന്നുമുതൽ ഒരു താങ്ങില്ലാതെ ജീവിക്കാൻ കഴിയാത്ത ഒത്തിരി കുഞ്ഞുങ്ങളുണ്ട്.ഇന്ത്യയിലെ അത്തരം കുട്ടികൾക്കുവേണ്ടി എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തണമെന്നുണ്ട്. വൃദ്ധജനങ്ങൾക്കുവേണ്ടിയും സഹായങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.